ചിലരെയൊക്കെ അറസ്റ്റുചെയ്തു ലാപ്പിൽകൊണ്ടുപോയി മർദ്ദിക്കുകയും ചെയ്തതായുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെതന്നെ ഇതുപോലൊരു സംഭവത്തിൽ മുഖ്യമന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ദിവാകരൻ എന്നൊരാളെ പോലീസ് മർദ്ദിച്ചതിൽ പ്രതിഷേധിച്ച് അയാൾ പാർട്ടിയിൽനിന്നു രാജി വയ്ക്കുകയും നാട്ടുകാരുടെ മുൻപിൽ തല മൊട്ടയടിച്ച് നടക്കുകയും ചെയ്ത വിവരം അറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഒന്നാം നമ്പർ ചോദ്യത്തിന് 'ഇല്ല' എന്നു മറുപടി പറയുകയാണ്. രണ്ടാംനമ്പർ ചോദ്യത്തിന് മറ്റു പാർട്ടികളിൽപ്പെട്ട ആളുകൾ എങ്ങനെയാണ് രാജിവയ്ക്കുന്നത്, എന്തിനാണ് രാജിവയ്ക്കുന്നത് എന്നുള്ളതിനെക്കുറിച്ച് ഞാൻ സാധാരണ അന്വേഷണം നടത്താറില്ല. ചില പാർട്ടികളിൽ ഇതിലും ഭയങ്കരമായ ചേർച്ച നടക്കുന്നുണ്ടെന്നു മാത്രം അറിയാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ ദിവാകരൻ എന്നു പറഞ്ഞ ആൾ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആളല്ലെന്നും അദ്ദേഹത്തിന് രണ്ടുവർഷമായി കമ്മ്യൂണിസ്റ്റുപാർട്ടിയിൽ മെമ്പർഷിപ്പില്ലാതെയിരിക്കുകയാണെന്നുള്ള വിവരം അവിടത്തെ പാർട്ടി ഘടകം നിഷേധിച്ചിട്ടുള്ളതും അറിയാമോ?

(ഉത്തരമില്ല)

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ജോൺജേക്കബ് ചോദിച്ച വിയപുരം സംഭവത്തെ സംബന്ധിച്ച അന്വേഷണ കമ്മിഷന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ട് മാസങ്ങളോളമായി. ആ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: റിപ്പോർട്ട് പ്രസിദ്ധീകരിക്കാമോ എന്നു എനിക്ക് ഇപ്പോൾ പറയാൻ കഴിയുകയില്ല. ആ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിശോധനയിലാണ്. കുറേ സമയം പിടിക്കും.

കർഷകതൊഴിലാളികളുടെ മേലുള്ള മർദ്ദനം

* 131. [463] ശ്രീ. പാലൊളി മുഹമ്മദുകുട്ടി:
,, പി. പി. കൃഷ്ണൻ:
,, പി. കുഞ്ഞൻ:
,, പി. കെ. കുഞ്ഞച്ചൻ:
,, വി. എസ്. അച്യുതാനന്ദൻ:
,, എസ്. ദാമോദരൻ:
,, കെ. ചാത്തുണ്ണി മാസ്റ്റർ:
,, എം. കെ. കൃഷ്ണൻ:
,, പി. ജി. പുരുഷോത്തമൻപിള്ള:
,, സി. വാസുദേവമേനോൻ:
,, എം. കെ. കേളു:
,, കെ. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഈ ഗവർമ്മെന്റു അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭൂൻമികരം മറ്റു കർഷകത്തൊഴിലാളികളെ മർദ്ദിച്ചും വെടിവച്ചും കൊലപ്പെടുത്തുന്നതു ഗവർമ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെങ്ങന്നൂർ, പെറിയനാട് എന്ന സ്ഥലത്തുവച്ചു ശിവരാമൻ എന്ന ഒരു കർഷകത്തൊഴിലാളി ഒരു കേരളാ കോൺഗ്രസ് പ്രവർത്തകന്റെ വെടിയേറ്റു മരണമടഞ്ഞ വിവരം ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതോടനുബന്ധിച്ച് ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): (എ) വിവിധ വിഭാഗങ്ങൾ തമ്മിൽ ചില സംഘട്ടനങ്ങൾ ഉണ്ടായതായി ഗവർമ്മെൻറിനറിയാം.

(ബി) ശിവരാമൻ എന്ന കർഷകത്തൊഴിലാളി 20—1—1970—ൽ വെടിയേറ്റു മരണപ്പെട്ടതായി വിവരം കിട്ടിയിട്ടുണ്ട്.

(സി) ചെങ്ങന്നൂർ പോലീസു ഇതുസംബന്ധിച്ച് ഒരു കേസു രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരാളെ അറസ്റ്റു ചെയ്തിരിക്കുന്നു. ബാക്കിയുള്ളവർ ഒളിവിലാണ്.

ശ്രീ. പാലൊളി മുഹമ്മദുകുട്ടി: നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഭരണകക്ഷികളിൽപ്പെട്ട ആളുകൾ നിത്യേന നടത്തുന്ന ഇത്തരത്തിലുള്ള ആക്രമങ്ങളെ സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കേണ്ട എന്ന നിർദ്ദേശം വല്ലതും പോലീസിനു കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ കൊടുത്തിട്ടില്ലെന്നു മാത്രമല്ല, ആക്രമണം നടത്തുന്നത് ഭരണകക്ഷിക്കാരായാലും പ്രതിപക്ഷക്കാരായാലും കക്ഷിരഹിതരായാലും അതിനെക്കുറിച്ചു ഊർജ്ജസ്വലമായ അന്വേഷണം നടത്തണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഭരണകക്ഷിക്കാരുടെ പേരിൽ ധാരാളം നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ശിവരാമൻ എന്ന കർഷകത്തൊഴിലാളിയെ ഒരു രാഷ്ട്രീയ കക്ഷിയുടെ സംഘടിതമായ പരിശ്രമത്തിന്റെ ഫലമായി വെടിവച്ചു കൊന്നിട്ട് കുറെക്കാരായ ആളുകളെ അറസ്റ്റു ചെയ്യാൻ ഇത്ര വൈകാൻ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംഘടിതമായോ ഏതു വിധത്തിലോ ആയാലും ഇതൊരു കൊലക്കേസാണ്. കേസു ചാർജ്ജു ചെയ്തു പ്രതികളെ പിടിക്കാനുള്ള നടപടികളും എടുത്തിട്ടുണ്ട്. ഒരാളിനെ അറസ്റ്റു ചെയ്തിട്ടുണ്ട്, ബാക്കിയുള്ളവരെക്കൂടി പിടിക്കുന്നതാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: തൊഴിൽ സമരങ്ങളിലേർപ്പെടുന്ന തൊഴിലാളികളെ ആവശ്യമില്ലാത്ത വകുപ്പുകളും ചേർത്തു കേസു രജിസ്റ്റർ ചെയ്തു അറസ്റ്റു ചെയ്യുന്ന പോലീസിന് കൊലപാതകം നടത്തിയ ആളുകളെ പിടിക്കുന്നതിന് കാലതാമസം നേരിടുന്നതു ഗവർമ്മെൻറിന്റെ ഇടപെടൽ കൊണ്ടല്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ ഗവർമ്മെൻറു ഇടപെടുകയില്ല. കണ്ണൂരിൽ ഒരു മുസ്ലീംലീഗുകാരനെ മാർക്സിസ്റ്റുപാർട്ടി പ്രവർത്തകർ കുത്തിക്കൊന്ന കേസിൽ പ്രധാന പ്രതിയെ ഇതുവരെ പോലീസു പിടിച്ചിട്ടില്ല. അതു ഗവർമ്മെൻറിന്റെ ഇടപെടൽ കൊണ്ടാണെന്നു പറയാനുള്ള ഔദാര്യം ബഹുമാനപ്പെട്ട മെമ്പർക്കു ഉണ്ടാകുകയില്ലല്ലോ. ഇങ്ങനെയുള്ള കേസുകളിലെ പ്രതികളെ പിടിക്കുന്നതിനു സ്വാഭാവികമായി താമസമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആത്മാർത്ഥമായി പറയുകയാണ്, ഗവർമ്മെന്റു ഈമാതിരി കാര്യങ്ങളിൽ ഇടപെടാറില്ലെന്ന്.

ശ്രീ. പി. പി. കൃഷ്ണൻ: പാലക്കാട്ടു ജില്ലയിൽ മറ്റൊരിടങ്ങളിലും കർഷകത്തൊഴിലാളികളെ വെടിവച്ചതായി ഗവർമ്മെന്റിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ കേസിനെസംബന്ധിച്ചു ചോദ്യം വന്നതുകൊണ്ടാണ് ഇതിനെസംബന്ധിച്ച് അന്വേഷിച്ചത്. പാലക്കാട്ടുജില്ലയെ സംബന്ധിച്ചു ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ചോദിച്ചാൽ അന്വേഷിച്ചു പറയാം.

ശ്രീ. പി. കുഞ്ഞൻ: ജീവനും സ്വത്തിനും രക്ഷ കൊടുക്കുക എന്ന ലക്ഷ്യത്തിലാണ് പോലീസുകാർ ഇത്തരം തൊഴിൽ തർക്കങ്ങളിൽ ഇടപെടുന്നതെന്നു സർക്കുലറിൽ വ്യക്തമാക്കുകയുണ്ടായി. തൊഴിലാളികളുടെ സ്വത്തു തൊഴിലാണ്. തൊഴിലാളികൾ തൊഴിലിനുവരുന്ന അവസരത്തിൽ, പാടത്തു കൊയ്യാൻ വരുന്ന അവസരത്തിൽ അവരെ അനുവദിക്കുന്നില്ല. കൊയ്യാൻവരുന്ന അവസരത്തിൽ മുതലാളിമാരോ ജൻമികളോ ഗുണ്ടകളെ ഇറക്കി ഭീഷണിപ്പെടുത്തുന്നു. അതിന് പോലീസു സംരക്ഷണം വേണമെന്നാവശ്യപ്പെട്ടാൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് എവിടെയെങ്കിലും പോലീസിനെ അയച്ചുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതു സ്ഥലത്താണെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുമ്പുള്ള ചോദ്യത്തിൽനിന്നുള്ള ചോദ്യമാണിത്. ഇപ്പോഴത്തെ ചോദ്യം 463 ആണ്.

ശ്രീ. പി. കുഞ്ഞൻ: കാർഷിക തൊഴിലാളികളുടെ മർദ്ദനത്തിന്റെ കാര്യമാണ്. തങ്ങൾക്കു സംരക്ഷണം കിട്ടണമെന്നു കാർഷികത്തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടു എവിടെയെങ്കിലും അയച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എവിടെയെങ്കിലും അങ്ങനെ തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടു അർഹമായ സംരക്ഷണം കൊടുത്തിട്ടില്ലെന്നു പരാതിയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെക്കുറിച്ചു അന്വേഷിക്കാം.

ശ്രീ. പി. കുഞ്ഞൻ: കഴിഞ്ഞ കന്നിമാസത്തിൽ ഒറ്റപ്പാലത്തു രണ്ടു പഞ്ചായത്തുകളിൽ കർഷകത്തൊഴിലാളി സമരം നടക്കുകയും അവിടത്തെ ജൻമിമാർ ആവശ്യപ്പെട്ടതിന്റെ ഫലമായി ഒരു ലോറി എം. എസ്. പി. ക്കാർ വന്നപ്പോഴും അവിടത്തെ കർഷകത്തൊഴിലാളികൾക്കു സംരക്ഷണം കിട്ടണമെന്ന് ഞാൻതന്നെ പോലീസ് സ്റ്റേഷനിൽ ഹർജികൊടുക്കുകയും അതിനെ സംബന്ധിച്ച് യാതൊരു അന്വേഷണവും നടത്താതെ ജൻമിമാരുടെ ആവശ്യപ്രകാരം ഒരു ലോറി എം. എസ്. പി. ക്കാർ വന്നു കാർഷികത്തൊഴിലാളികളെ ഭീഷണിപ്പെടുത്തിയതിനെക്കുറിച്ചു അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അന്വേഷിച്ചതിനുശേഷം പറയാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മാനന്തവാടി പ്രദേശത്തുപോയി ശ്രീമാൻ വർഗ്ഗീസിനെ പിടിക്കാൻ വലിയ പോലീസു വലയം സൃഷ്ടിച്ചു. എന്നാൽ പോലീസ് സ്റ്റേഷന്റെ മൂന്നു-മൂന്നരമൈൽ അടുത്തുള്ള ചെറിയനാടു പ്രദേശത്തുറോഡും ട്രാൻസ്പോർട്ടു സൗകര്യങ്ങളുമുള്ള പ്രദേശത്തുപോയി ശിവരാമനെ

LIBRARY ARCHIVES Kerala Legislative Assembly

കൊന്ന കേസിലെ പ്രതികളെ ഇനിയും അറസ്റ്റു ചെയ്യാൻ കഴിയാത്തതിന്റെ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ പറഞ്ഞ ശിവരാമൻകേസിൽ പോലീസു വലയം സൃഷ്ടിച്ചു അതിർത്തി സീലു ചെയ്തു പ്രവർത്തനം നടത്തിയിട്ടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പ്രവർത്തകർ ലീഗ് പ്രവർത്തകനെ കുത്തിക്കൊന്ന കേസിലെ പ്രതികളേയും പിടികിട്ടിയിട്ടില്ല. ഈ മാതിരിയുള്ള കേസുകളിൽ പ്രതികളെ പിടികിട്ടാതിരിക്കുന്ന സംഭവം വയനാടു പ്രദേശത്തു നടന്നസംഭവംപോലെയുള്ളതല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: വേലായുധ കാരണവർ എന്നു പറയുന്ന ആളെ പ്രതിസ്ഥാനത്തുനിന്ന് ഒഴിവാക്കാൻ ഗവർമ്മെൻറു ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇല്ല. ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: തൊഴിൽ സമരങ്ങളിൽ പോലീസു ജൻമിമാർക്കു അനുകൂലമായി സംരക്ഷണ നടപടികളും എടുക്കുന്നു എന്നുമാത്രമല്ല തൊഴിലാളികളെ പോലീസുകാർ മുതലാളിമാരുടെ വാതുക്കൽ കൊണ്ടു നിറുത്തി അവർക്കു തൃപ്തിയാകുന്നതുവരെ തല്ലുക, അതുപോലെതന്നെ അറസ്റ്റു ചെയ്തു ലാക്കപ്പിൽ കൊണ്ടുപോയിട്ടു ജൻമിമാരുടെ മക്കളെതന്നെ പോലീസു കൊണ്ടുവന്നു അവരെക്കൊണ്ടു നിങ്ങൾക്കു തൃപ്തിയാകുന്നതുവരെ തല്ലിക്കൊള്ളുക എന്ന നിലയിൽ പെരുമാറിയിട്ടുണ്ടെന്നു ഏതെങ്കിലും സ്ഥലങ്ങളിൽനിന്നും ആരോപണം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ചു എന്തു നടപടി എടുത്തിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പ്രത്യേകം ചോദ്യമായി ചോദിക്കണം.

ശ്രീ. എസ്. ദാമോദരൻ: കാർഷികത്തൊഴിലാളി സമരങ്ങളെ ക്രമസമാധാനത്തിന്റെ പേരിൽ മുതലാളിമാരെ സഹായിക്കുന്നതിന് ഒരു പ്രദേശത്തുള്ള തൊഴിലാളികളെ ആകമാനം കേസിൽ പ്രതികളാക്കിക്കൊണ്ടുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പള്ളിപ്പാട്ടു എന്ന സ്ഥലത്തു 31 തൊഴിലാളികളെ പ്രതികളാക്കി കേസു ചാർജ്ജു ചെയ്തിട്ടുണ്ട്. ഇതു മുതലാളിമാരെ സഹായിക്കുകയാണോ, തൊഴിലാളികളെ സഹായിക്കുകയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഓരോ കേസിനെക്കുറിച്ചും ഇവിടെവച്ചു പറയാൻ സാധിക്കുകയില്ല.

ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ: കോഴിക്കോട്ടു താലൂക്കിലെ ജീരകപ്പാറ എന്ന സ്ഥലത്ത് രണ്ടുപ്രാവശ്യം ഗുണ്ടകൾ അവിടത്തെ കർഷകരേയും കർഷകപ്രവർത്തകരേയും വെടിവെയ്ക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ച് ഇന്നേവരേ യാതൊരു നടപടിയും എടുത്തിട്ടില്ലെന്ന വിവരം ഗവർമ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇങ്ങനെ നടപടി എടുക്കുന്നില്ലെന്നുള്ള ധാരണ ശരിയല്ല. ഏതെങ്കിലും ഒന്നോ രണ്ടോ കേസുകളിൽ നടപടി എടുക്കാതെവന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്നും കൃത്യവിലോപമുണ്ടോ എന്നും അന്വേഷിക്കാം. തീർച്ചയായും ഇങ്ങനെയുള്ള കേസുകളിൽ നടപടി എടുക്കുന്നതാണ്. അങ്ങനെ നടപടി എടുക്കുന്നില്ല എന്ന ധാരണയുണ്ടെങ്കിൽ ഈ ഉത്തരം കേട്ടതിനുശേഷം അതു നീക്കണം.

ശ്രീ. എം. കെ. കേളു: കാർഷികത്തൊഴിലാളികളും ജൻമിമാരും തമ്മിലുള്ള തർക്കത്തിൽ ജൻമിമാർ നാളികേരം പറിച്ചുവച്ചിട്ടു പോലീസിനെക്കൊണ്ടു തൊഴിലാളികളുടെപേരിൽ കള്ളക്കേസെടുപ്പിക്കുകയും അങ്ങിനെ കേസെടുക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് പോലീസിനു മുകളിൽനിന്നും നിർദ്ദേശം കിട്ടിയിട്ടുണ്ടെന്നും ആക്ഷേപം വന്നിട്ടുണ്ടോ; പൊൻമാരി, കടമേരി മുതലായ പ്രദേശങ്ങളിൽ ലീഗുനേതാക്കളായ ജൻമിമാർ ഇങ്ങനെ ചെയ്തിട്ടുണ്ടെന്നു ആക്ഷേപം കിട്ടിയിട്ടുണ്ടോ;

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നാളികേരം ജൻമിമാർ പറിച്ചിട്ടു തൊഴിലാളികളുടെ പേരിൽ കേസെടുക്കുന്നു എന്നുള്ള ആരോപണം ഉണ്ടായതായി അറിവില്ല. ഏതായാലും വകുപ്പുകൾ ഇന്നതു ചേർക്കണമെന്നു മുകളിൽ നിന്നു യാതൊരു നിർദ്ദേശവും അയച്ചിട്ടില്ല. ചിലയിടത്ത് ജൻമിമാർ മുസ്ലിംലീഗുകാരായിരിക്കും. ചിലയിടത്ത് മുസ്ലിംലീഗുകാർ കുടിയാൻമാരായിരിക്കും. ഏതു കക്ഷിക്കാരായാലും ഇതുമാതിരിയുള്ള മോഷണങ്ങളും മറ്റും നടന്നാൽ പോലീസു നടപടി നടത്തും. അങ്ങനെ നടപടി നടത്തുമ്പോൾ മോഷണം തൊഴിലാളികൾ ചെയ്തിട്ടു ജൻമിമാരാണ് നാളികേരം പറിച്ചിട്ടതെന്നു വാദിക്കുന്നതുകൊണ്ട്മാത്രമായില്ല. അങ്ങനെയാണെങ്കിൽ തീർച്ചയായും നടപടി എടുക്കും. എല്ലാ കേസുകളിലും അങ്ങനെയാണ് നടന്നതെന്നു വിചാരിക്കുന്നതു ശരിയല്ല. പല സ്ഥലത്തുനിന്നും നാളികേര മോഷണത്തിനു ആഹ്വാനമുണ്ടായിട്ടുണ്ട്.

ശ്രീ. എം. കെ. കേളു: എല്ലാ കേസുകളിലും അങ്ങനെയാണെന്നല്ല ഞാൻ പറഞ്ഞത്. നാളികേരം പറിച്ചുവച്ചിട്ടു തൊഴിലാളികളാണെന്നു പറഞ്ഞു കേസെടുപ്പിച്ചിട്ടുണ്ട്. ചില ആളുകളെമാത്രം അറസ്റ്റു ചെയ്തു. ബാക്കി ആളുകളും ഒളിവിൽ പോയതുകൊണ്ടാണ് അറസ്റ്റു ചെയ്യാത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ചങ്ങനാശ്ശേരിയിൽ പറാലിൽ തീവച്ച കേസിലെ പ്രതികളെ ഇത്രയും കൊല്ലമായിട്ടു അറസ്റ്റു ചെയ്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വേറെ ചോദ്യം ചോദിച്ചാലെ പറയാൻ ഒക്കുകയുള്ളു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചെറിനാട്ടു കേരളകോൺഗ്രസിന്റെ ഒരു പ്രവർത്തകനാണ് വെടിവച്ചു കൊന്നതെന്നു പറഞ്ഞു. എന്നാൽ ഏതാണ്ടു വൈകുന്നേരംമുതൽ ഒന്നുരണ്ടു മണിക്കൂറോളം പല വീടുകളുടെയും നേരെ ബോംബ് എറിഞ്ഞു എന്നും ചിലരെ അടിച്ചു എന്നും, കൊന്നു എന്നുമൊക്കെ പത്രത്തിൽവന്നു. ഇതിനെസംബന്ധിച്ചു കേരളകോൺഗ്രസിന്റെ ആഫീസു പരിശോധിക്കുകയോ, ഏതെങ്കിലും ആയുധങ്ങൾ എടുക്കുകയോ ചെയ്തിട്ടുണ്ടോ? പത്തുമുപ്പതു പേർ ആക്രമണം നടത്തിയിട്ടു ഒരാളെ അറസ്റ്റു ചെയ്തുഎന്നും ബാക്കിയുള്ളവരെ അറസ്റ്റുചെയ്തിട്ടില്ലെന്നും പറയുമ്പോൾ ഗവർമ്മെന്റു കേരളകോൺഗ്രസിനെതിരായി നടപടി എടുക്കുകയില്ലെന്നല്ലേ അനുഭവപ്പെടുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒരാളെ അറസ്റ്റു ചെയ്തു. ബാക്കിയുള്ളവർ ഒളിവിലാണെന്നാണ് ഞാൻ പറയുന്നത്. അതിനുവേണ്ട നടപടി എടുക്കുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേരള കോൺഗ്രസിന്റെ ആഫീസിൽ ആയുധമുണ്ടോ എന്നു പരിശോധിക്കുകയുണ്ടായോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആയുധമുണ്ടെന്നു ആരെങ്കിലും പറഞ്ഞാൽ മാത്രം പരിശോധിക്കാനൊക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്: ഈ കേസിൽ ഏതെങ്കിലും പ്രതി കേരള കോൺഗ്രസുകാരനാണെന്നു ഗവർമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഗവർമ്മെൻറിനെസംബന്ധിച്ചിടത്തോളം പ്രതികളുടെ രാഷ്ട്രീയസ്വഭാവം നോക്കാതെയാണ് നടപടി എടുക്കുന്നത്.

ശ്രീ. കെ. എം. മാണി: ചീഫ് മിനിസ്റ്റർ സന്ദർശിച്ച മലബാറിലെ ജീരകപ്പാറ എന്ന സ്ഥലത്ത് നിരവധി വർഷങ്ങളായി കുടിയേറി താമസിച്ചിരുന്ന കർഷക കുടുംബങ്ങളെ മാർക്സിസ്റ്റുപാർട്ടിയിലെ ഒരുസംഘം ആളുകൾ മാരകായുധങ്ങളുമായി ചെന്നു വെടിവയ്ക്കുകയും ഭയപ്പെടുത്തുകയും അവരെ അവിടെനിന്നും ഇറക്കിവിട്ടു മാർക്സിസ്റ്റു പാർട്ടിയിലെ ആളുകൾ ആ പ്രദേശം കൈവശപ്പെടുത്തിയിരിക്കുന്നതായും അവിടെ ബോംബുകളും മറ്റു മാരകായുധങ്ങളും സൂക്ഷിച്ചിരിക്കുന്നതായും ആ നാട്ടിലെ ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണെന്നുമുള്ള വസ്തുതയെ പരിഗണിച്ച് അവിടെ നടക്കുന്ന അക്രമണത്തെ തടയുന്നതിനു ഗവർമ്മെൻറു വേണ്ട സത്വരനടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആയുധം വയ്ക്കുന്നു എന്ന് പരാതിയുള്ളിടത്ത് പരിശോധിക്കുന്നുണ്ട്. വേറെ വല്ല പരാതിയും ഗവർമ്മെൻറു ഇടപെടത്തക്കവിധത്തിൽ ഉണ്ടെങ്കിൽ തീർച്ചയായും അന്വേഷിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മാർക്സിസ്റ്റു പ്രവർത്തകർ ലീഗുകാരെ ആക്രമിച്ച കാര്യം പറഞ്ഞു. കേരളകോൺഗ്രസിൻെറ പ്രവർത്തകൻമാർ സംഘടിതമായി കാർഷികതൊഴിലാളികുടെ വീടുകൾ ആക്രമിച്ച് അവരെ കൊന്നു എന്നു പറഞ്ഞാൽ രാഷ്ട്രീയമായി അതേപ്പറ്റി അന്വേഷിക്കേണ്ട കാര്യമില്ലഎന്ന്.....

ശ്രീ. ഇ. ജോൺജേക്കബ്: ഇതുമായി യാതൊരു ബന്ധവുമില്ല.

(സഭയിൽ ബഹളം)

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതിൽ രാഷ്ട്രീയമായിട്ടു മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവർത്തകരെ കൊന്നു എന്നു പറഞ്ഞു. മി. ജോൺജേക്കബ് കേരളകോൺഗ്രസിൻെറ ആളുകൾ അല്ലെന്നു പറഞ്ഞപ്പോൾ രാഷ്ട്രീയപാർട്ടിയുമായി ബന്ധമില്ലെങ്കിലും ഉണ്ടെങ്കിലും അവരുടെ പേരിൽ നടപടി എടുക്കുന്നതിന് വ്യത്യാസമില്ലെന്നാണ് പറഞ്ഞത്. ലീഗുകാരായാലും, മാർക്സിസ്റ്റു പാർട്ടിക്കാരായാലും കക്ഷി ഒന്നും ഇല്ലാത്തവരായാലും അവരുടെ പേരിൽ നടപടികൾ എടുക്കുന്നതിന് കക്ഷി വ്യത്യാസമൊന്നുമില്ല. ജോൺജേക്കബ്ബും, രാമകൃഷ്ണനും പറഞ്ഞത് അവരുടെ പാർട്ടിക്കാർ അല്ലെന്നാണ്. നമ്മുടെ കേരളത്തിൽ രാഷ്ട്രീയമായി ഏതെങ്കിലും ഒരു പാർട്ടിയുമായി ബന്ധമില്ലാത്ത ആളുകൾ കാണുകയില്ല. എന്തു നടന്നാലും കൊലയായാലും, അടിയായാലും, ഇടിയായാലും, ബലാൽസംഗമായാലും രാഷ്ട്രീയമായ കളർ കൊടുക്കുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല. രാഷ്ട്രീയമായ അടിസ്ഥാനത്തിലല്ല കേസുകൾ നടക്കുന്നത്. രാഷ്ട്രീയമായ അടിസ്ഥാനത്തിൽ സംഘട്ടനങ്ങൾ നടക്കുന്നില്ല എന്ന് ഞാൻ പറയുന്നില്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തരസമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly